പാലിയേക്കര ടോൾ പ്ലാസയ്ക്കു സമീപം ദേശീയപാതയോരത്ത് അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ. മറുവശത്തെ ട്രാക്കിൽ വാഹനങ്ങളുടെ തിരക്കും കാണാം.

ദേശീയപാത കൈയേറി വാഹന പാർക്കിംഗ്

അപകട കേന്ദ്രമാകാൻ പാലിയേക്കര

- അടിയന്തര വാഹനങ്ങളും കുടുങ്ങുന്നു
- നടപടിയെടുക്കാതെ അധികൃതർ

പുതുക്കാട്: പാലിയേക്കര ടോൾ പ്ലാസയ്ക്കു സമീപം ഭാരവാഹനങ്ങളുടെ അനധികൃത പാർക്കിംഗ് വീണ്ടുമൊരു ദുരന്തത്തിനു വഴിവയ്ക്കുമെന്ന് ആശങ്ക. ദേശീയപാതയിലെ ഗതാഗതതടസത്തിനൊപ്പം അപകടങ്ങൾക്കും ഇത് ഇടയാക്കുന്നു.

ടോൾ ബൂത്തുകളിലേക്ക് പ്രവേശിക്കുന്നതിന് തൊട്ടുമുമ്പും ശേഷവുമുള്ള പാതയോരങ്ങളിലും സർവീസ് റോഡുകളിലുമാണ് കണ്ടെയ്നർ ലോറികൾ ഉൾപ്പെടെയുള്ള ഭാരവാഹനങ്ങൾ നിർത്തിയിടുന്നത്. റോഡിന്റെ പ്രധാനഭാഗങ്ങൾകൂടി കൈയേറി പാർക്ക് ചെയ്യുന്നതോടെ മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിൽ വാഹനങ്ങളുടെ സുഗമമായ നീക്കം തടസപ്പെടുന്നു. ടോൾ പ്ലാസയ്ക്കു സമീപം പാർക്ക് ചെയ്യുന്ന ഭാരവാഹനങ്ങൾ മറ്റു വാഹനങ്ങൾക്കു കടന്നുപോകാനുള്ള ഇടംപോലും പരിമിതപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. തിരക്കേറിയ സമയങ്ങളിൽ ഇവിടെ യാത്രക്കാർ മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽ അകപ്പെടുന്നുണ്ട്. ആംബുലൻസുകൾ ഉൾപ്പെടെയുള്ള അടിയന്തര സേവന വാഹനങ്ങൾപോലും ഗതാഗതക്കുരുക്കിൽ കുടുങ്ങുന്ന സംഭവങ്ങൾ പലപ്പോഴായി ഉണ്ടായി. ടോൾ പ്ലാസയ്ക്കു സമീപത്തെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കാൻ അധികൃതർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് യാത്രക്കാരുടെയും പ്രദേശവാസികളുടെയും ആവശ്യം. ഭാരവാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി പ്രത്യേകം സൗകര്യം ഒരുക്കുകയും ദേശീയപാതയോരത്തെയും സർവീസ് റോഡുകളിലെയും അനധികൃത പാർക്കിംഗ് കർശനമായി തടയുകയും വേണമെന്നാണ് ആവശ്യം.

കേരള കർഷകസംഘം ജില്ലാ സമ്മേളനം സമാപിച്ചു

കേന്ദ്രത്തിന്റേത് കോർപറേറ്റുകളെ സഹായിക്കുന്ന നിലപാട്: കെ.എൻ. ബാലഗോപാൽ

കേരള കർഷകസംഘം ജില്ലാ സമ്മേളനത്തിനു സമാപനംകുറിച്ച് ചേലക്കരയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനംചെയ്ത് മുൻമന്ത്രി കെ.എൻ. ബാലഗോപാൽ പ്രസംഗിക്കുന്നു.

ചേലക്കര: രാജ്യത്തെ കർഷകർ കഴിഞ്ഞ പത്തുവർഷമായി പട്ടിണിയും പരിവട്ടവുമായാണ് ജീവിക്കുന്നതെന്ന് മുൻ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. കേരള കർഷകസംഘം ജില്ലാ സമ്മേളനത്തിന്റെ സമാപന പെതുസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ ഉത്പന്നങ്ങൾക്ക് വിലയിടിച്ച് കോർപറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അദാനിയെപ്പോലുള്ള വൻകിട ഗ്രൂപ്പുകളെ സഹായിക്കാനാണ് കേന്ദ്രം മുൻകൈയെടുക്കുന്നത്.

പാൽ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്രനീക്കം ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കും. വന്യമൃഗശല്യം പരിഹരിക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു ശ്രമവും ഉണ്ടാകുന്നില്ല. പഞ്ചായത്തുകളുടെ ഫണ്ട് വെട്ടിക്കുറച്ച സർക്കാർ കാർഷിക മേഖലയ്ക്ക് ആവശ്യമായ ഫണ്ടും നൽകുന്നില്ല. അധികാരത്തിൽ വരുന്നതിനു മുമ്പ് യുഡിഎഫ് പറഞ്ഞ വാക്കുകൾ ഒന്നും പാലിക്കുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കർഷകസംഘം ജില്ലാ പ്രസിഡന്റ് എം. ബാലാജി അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി വത്സൻ പനോളി, ജില്ലാ സെകട്ടറി എ.എസ്. കുട്ടി, യു.ആർ. പ്രദീപ് എംഎൽഎ, എ.സി. മൊയ്തീൻ എംഎൽഎ, വർഗീസ് മാസ്റ്റർ, ടി.എ. രാമകൃഷ്ണൻ, ഡേവിസ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളെ തെരഞ്ഞെടുത്തു

പുതിയ ഭാരവാഹികൾ: എം. ബാലാജി- പ്രസിഡന്റ്, എം.എം. അവറാച്ചൻ, പി.എ. ബാബു, സജിത കുർണ്ണി- വൈസ് പ്രസിഡന്റുമാർ, എ.എസ്. കുട്ടി- സെക്രട്ടറി, എം.എൻ. സത്യൻ, കെ. രവീന്ദ്രൻ, കെ.വി. സജു- ജോയിന്റ് സെക്രട്ടറിമാർ, ടി.എ. രാമകൃഷ്ണൻ- ട്രഷറർ, ടി.വി. ഹരിദാസ്, ഹാരിസ് ബാബു, സെബി ജോസഫ്, ടി.ജി. ശങ്കരനാരായണൻ, അനൂപ് കിഷോർ, മിനി ബാബു, ലെതി വേണുഗോപാൽ- എക്സി.അംഗങ്ങൾ

ഇന്നത്തെ സിനിമ

തൃശൂർ

രാഗം - I'm Game (10) ബെത്‌ലഹേം കുടുംബ യൂണിറ്റ് (1.30, 4.45, 8.30)
ജോസ് - I'm Game (10, 4.45, 11.30) ഖലീഫ (1.30, 8.15)
ചേലൂർ രാംദാസ് മൂവി ഹൗസ് - I'm Game (2, 8.30, 11.59) ബെത്‌ലഹേം കുടുംബ യൂണിറ്റ് (11.30, 2.45, 6, 9.15), ഖലീഫ (11, 5.30)
കൈരളി/ശ്രീ - I'm Game (10.30, 2.30, 5.30, 9.30) ബെത്‌ലഹേം കുടുംബ യൂണിറ്റ് (2, 6, 9),
ഗിരിജ- ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3, 6.30, 9.30)
പലാക്സി സിനിമാസ്
ഹൈലൈറ്റ് മാൾ - I'm Game (10, 10.15, 1.30, 4, 4.30, 5, 7.30, 8, 8.30, 11.30, 11.45) Ones More (10) ബെത്‌ലഹേം കുടുംബ യൂണിറ്റ് (10.30, 1.30, 2, 5.15, 7, 8.30, 11.30) ടോക്സിക് (10) ഡിസി (10.15), വിശ്വനാഥ് ആൻഡ് സൺസ് (12.45) സ്പൈഡർമാൻ (1.15), ഖലീഫ (1.45, 7.30, 11) തുടക്കം (4.15) Hi (4.45, 10.15)
പുഴയ്ക്കൽ ശോഭ സിറ്റി ഐനോക്സ് - I'm Game (11.15, 12.30, 2.50, 4, 6.25, 7.30, 10, 11) ബെത്‌ലഹേം കുടുംബ യൂണിറ്റ് (9.05, 10.10, 12.20, 1.25, 3.35, 3.45, 6.50, 7.10, 7.55, 10.30, 11.10) Hi (11.40) തുടക്കം (12.40) ഡിസി (2.50) സ്പൈഡർമാൻ (4.45) വിശ്വനാഥ് ആൻഡ് സൺസ് (6 pm) ടോക്സിക് (9.30 pm) ഖലീഫ (10.10pm)

ഒല്ലൂർ

ഫൺ മൂവീസ്- I'm Game (9, 1.15, 4.45, 10, 11.30) ബെത്‌ലഹേം കുടുംബ യൂണിറ്റ് (12.15, 3.30, 6.45, 8.15)

വടക്കാഞ്ചേരി

താളം- I'm Game (11, 2.30, 6, 9.30)

കേച്ചേരി

സവിത മൂവി മാജിക്- ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3, 6.30, 9.30)

ഗുരുവായൂർ

ദേവകി സിനിമാസ് - I'm Game (11, 2.15, 5.30, 9) ബെത്‌ലഹേം കുടുംബ യൂണിറ്റ് (11.45, 2.45, 5.45, 9)
അപ്പാസ്- I'm Game (11, 2.30, 6, 9.30)

കുന്നംകുളം

ഭാവന - I'm Game (11, 2.30, 5.45, 9) ബെദ്‌ലഹേം കുടുംബ യൂണിറ്റ് (11.45, 2.45, 6.15, 9.15)
ആർഎച്ച് സിനിമ- I'm Game(9, 6, 11.59) ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3, 9)

പാവറട്ടി

വികെജി സിനിമാസ് - I'm Game(9, 12.15, 3.30, 6.45, 10) ബെത്‌ലഹേം കുടുംബ യൂണിറ്റ് (9, 3, 6, 9) ഖലീഫ (12, 11.59)

കാഞ്ഞാണി

ബ്രഹ്മകുളം- I'm Game (11.45, 3, 6.15, 9.30)
സിംല മൂവീസ്- ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3.15, 6.30, 9.45)

തൃപ്രയാർ

ജെകെ സിനിമാസ് - I'm Game (9, 12.15, 3.30, 6.45, 10.15)

ഊരകം

ശിവദം സിനിമാസ്- I'm Game (9, 12.15, 5.20, 8.40, 11.59) ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3, 6, 9, 9.10, 11.59) ഖലീഫ (6) തുടക്കം (3)

ഇരിങ്ങാലക്കുട

മാസ് മൂവീസ്- I'm Game (9, 12.30, 4, 7.30, 10.55) ബെത്‌ലഹേം കുടുംബ യൂണിറ്റ് (11, 2, 5, 8, 11)
ചെമ്പകശേരി സിനിമാസ് - I'm Game (9, 11, 12.15, 2.30, 3.45, 7.15, 10.45, 11.59) ബെത്‌ലഹേം കുടുംബ യൂണിറ്റ് (12, 3, 6, 6.15, 9, 9.15)

ചാലക്കുടി

സുരഭി മൂവീസ്- I'm Game (9, 12.30, 4, 7.30, 11) ബെത്‌ലഹേം കുടുംബ യൂണിറ്റ് (11.45, 3, 6.30, 10)
ഡി സിനിമാസ്- I'm Game (9.30, 11.30, 1, 4.30, 6.30, 8, 10.35, 11.35) ബെത്‌ലഹേം കുടുംബ യൂണിറ്റ് (10.30, 2, 5,15, 8,30, 11.50)

മാള

ഗംഗ മൂവീസ് - ബെത്‌ലഹേം കുടുംബ യൂണിറ്റ് (11.30, 3, 6.30, 10)

തൃശൂർ ഡിസിസി ഓഫീസിലെത്തിയ തമിഴ്നാട് മന്ത്രി എസ്. രാജേഷ്കുമാറിനെ പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.

കേരളം- തമിഴ്നാട് ടൂറിസം സഹകരണം ശക്തമാക്കും: എസ്. രാജേഷ്കുമാർ

തൃശൂർ: കേരളവും തമിഴ്നാടും തമ്മിലുള്ള ടൂറിസം സഹകരണം കൂടുതൽ ശക്തമാക്കുമെന്ന് തമിഴ്നാട് ടൂറിസം മന്ത്രി എസ്. രാജേഷ്കുമാർ. ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതകൾ ഉള്ള ഇരു സംസ്ഥാനങ്ങളെയും യോജിപ്പിച്ചുകൊണ്ട് കേരളം- തമിഴ്നാട് കമ്പൈൻഡ് ടൂറിസം സർക്യൂട്ട് പദ്ധതി ആവിഷ്കരിക്കും. കേരളത്തിലെ ഓണം, തൃശൂർ പൂരം, വള്ളംകളികൾ, തമിഴ്നാട്ടിലെ പൊങ്കൽ, ജെല്ലിക്കെട്ട്, ഉത്സവാഘോഷങ്ങൾ എന്നിവയെല്ലാം കോർത്തിണക്കി ഫെസ്റ്റിവൽ കലണ്ടർ തയാറാക്കും.

ലോക സഞ്ചാരികൾക്കു മുന്നിൽ ദക്ഷിണേന്ത്യയുടെ വിരുന്നായി ഫെസ്റ്റിവൽ ടൂറിസത്തെ മാറ്റണമെന്നും രാജേഷ്കുമാർ പറഞ്ഞു. തൃശൂർ ഡിസിസി ഓഫീസിലെത്തിയ മന്ത്രിയെ പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ് സ്വീകരിച്ചു. നേതാക്കളായ എം.പി. വിൻസെന്റ്, ടി.വി. ചന്ദ്രമോഹൻ, മേയർ നിജി ജസ്റ്റിൻ, സുനിൽ അന്തിക്കാട്, കെ.ബി. ശശികുമാർ, കെ.കെ. ബാബു, സിജോ കടവിൽ, കെ.എച്ച്. ഉസ്മാൻ ഖാൻ, എം.എസ്. ശിവരാമകൃഷ്ണൻ, ബൈജു വർഗീസ് എന്നിവരും പങ്കെടുത്തു.

റോഡ് തകർച്ച: ബിജെപി പ്രതിഷേധ മാർച്ച് നടത്തി

തൃശൂർ: മുക്കാട്ടുകര ഡിവിഷനിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു ബിജെപി മുക്കാട്ടുകര ഡിവിഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടത്തി. ബിജെപി തൃശൂർ ഈസ്റ്റ് മണ്ഡലം പ്രസിഡന്റ് വിബിൻ ഐനിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.

ബിജെപി ജില്ലാ കമ്മിറ്റി അംഗം തിമിത്തി വടക്കൻ, മുക്കാട്ടുകര ഏരിയ ജനറൽ സെക്രട്ടറി ജയൻ കരുമുടി, എസ് സി മോർച്ച സെക്രട്ടറി രാജൻ നെല്ലങ്കര എന്നിവർ പ്രസംഗിച്ചു.

എൽഡിഎഫിനെ തകർക്കാൻ നീക്കം: കെ.പി. രാജേന്ദ്രൻ

തൃശൂർ: സിപിഐയുടെ നേതൃത്വത്തിൽ കെട്ടിപ്പടുത്ത എൽഡിഎഫ് സംവിധാനത്തെ തകർക്കാൻ ഇടതുപക്ഷ വിരുദ്ധരും വലതുപക്ഷ മാധ്യമങ്ങളും ചേർന്നു സംഘടിതമായ നീക്കം നടത്തുന്നെന്ന് സിപിഐ ദേശീയ എക്സിക്യൂട്ടീവ് അംഗം കെ.പി. രാജേന്ദ്രൻ. തൃശൂർ വെളിയന്നൂർ അധ്യാപക ഭവൻ ഹാളിൽ രണ്ടുദിവസങ്ങളിലായി നടക്കുന്ന സിപിഐ ജില്ലാതല പാർട്ടി സ്കൂൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുപ്പു പരാജയം ഒന്നിന്റെയും അവസാനമല്ലെന്നും കൂടുതൽ കരുത്തോടെ ഇടതുപക്ഷം തിരിച്ചുവരുമെന്നും അദ്ദേഹം പറഞ്ഞു.

സിപിഐ ജില്ലാ സെക്രട്ടറി കെ.ജി. ശിവാനന്ദൻ, സി.എൻ. ജയദേവൻ, സിപിഐ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം കെ.കെ. വത്സരാജ് എംഎൽഎ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം വി.എസ്. സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു. ഇന്ന് സംസ്ഥാന കൗൺസിൽ അംഗം ടി.കെ. സുധീഷ്, കവി പി.എൻ. ഗോപീകൃഷ്ണൻ എന്നിവർ ക്ലാസുകൾ നയിക്കും.

ജില്ലാതല അധ്യാപക ദിനാഘോഷം

തൃശൂർ: ജില്ലാതല അധ്യാപകദിനാഘോഷം ഗവ. മോഡൽ ഗേൾസ് ഹൈസ്കൂളിൽ രാജൻ ജെ. പല്ലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

മേയർ ഡോ. നിജി ജസ്റ്റിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ടി. ഷൈല, ഡയറ്റ് പ്രിൻസിപ്പൽ ഡോ.ഡി. ശ്രീജ, ഹയർസെക്കൻഡറി വിഭാഗം ജില്ലാ കോ-ഓർഡിനേറ്റർ കെ.എ. വർഗീസ്, എം.എസ്. രാജീവ്, പ്രോഗ്രാം കൺവീനർ എൻ. ലിജോ ലൂയിസ് എന്നിവർ പ്രസംഗിച്ചു. പിടിഎ അധ്യാപക പുരസ്കാരം നേടിയ ഗവ. മോഡൽ ഗേൾസ് ഹൈസ്കൂൾ പ്രധാനാധ്യാപിക ഡോ. കെ.പി. ബിന്ദുവിനെ ആദരിച്ചു.

സീറ്റൊഴിവ്

തൃശൂർ: പാവറട്ടി സെന്റ് ജോസഫ്സ് കോളജിൽ 2026-27 അധ്യയന വർഷത്തിൽ ബികോം, ബിബിഎ, ബി എസ് സി എഐ, ബി എസ് സി സൈക്കോളജി, ബിഎ ഇംഗ്ലീഷ് പ്രോഗ്രാമുകളിൽ സംവരണ സീറ്റുകളിൽ ഒഴിവ്. ഫോൺ: 9072056869

കൊടകര - പാറേക്കാട്ടുകര വഴിയിലെ കൊടകര പ്ലാശേരി തൊമ്മാന ടെന്നിയുടെ പൂപ്പറമ്പ്.

കൊടകരയിലെ വഴിയരികിൽ വർണവസന്തമൊരുക്കി ടെന്നി

പൂത്തുലഞ്ഞതു 30 സെന്റിലെ 2000 ചെണ്ടുമല്ലിത്തൈകൾ

സെബി മാളിയേക്കൽ

കൊടകര: ഓണം കഴിഞ്ഞെങ്കിലും മഞ്ഞ, ഓറഞ്ച് നിറങ്ങളിൽ വർണവസന്തമൊരുക്കി പൂത്തുലഞ്ഞ് നിൽക്കുകയാണ് കൊടകര - പാറേക്കാട്ടുകര വഴിയിൽ ഒരു പൂപ്പറമ്പ്.

കണ്ണിന് കുളിർമയേകുന്ന ഈ പൂക്കാഴ്ച ഈവഴിയിൽ യാത്രചെയ്യുന്ന ആരെയും ഒന്നു നോക്കിനിൽക്കാൻ പ്രേരിപ്പിക്കും. സഹൃദയ എൻജിനിയറിംഗ് കോളജിനു സമീപമുള്ള മുപ്പതു സെന്റ് പറമ്പിൽ ചെണ്ടുമല്ലികൃഷി നടത്തിയിരിക്കുന്നത് കൊടകര പ്ലാശേരി തൊമ്മാന ടെന്നിയാണ്.

2026 ജൂൺ 25 നാണ് ഇദ്ദേഹം മഞ്ഞയും ഓറഞ്ചും നിറങ്ങളിലുള്ള ഹൈബ്രിഡ് ഇനത്തിൽപ്പെട്ട രണ്ടായിരം തൈകൾ മണ്ണുത്തിയിൽനിന്ന് വാങ്ങി നട്ടത്. ഒരു തൈക്ക് അഞ്ചു രൂപയായിരുന്നു വില. ഓണക്കാലത്ത് മികച്ച വിളവും വരുമാനവും പ്രതീക്ഷിച്ചായിരുന്നു കൃഷിയിറക്കിയത്. എന്നാൽ പ്രതീക്ഷിച്ച സമയത്ത് പൂ ലഭിച്ചില്ല. ഇപ്പോഴാണ് പൂവിട്ടിരിക്കുന്നത്.

ഓണക്കാലത്ത് കിലോയ്ക്ക് 80 രൂപ വരെ മൊത്തവിലയുണ്ടായിരുന്നെങ്കിലും ഇപ്പോൾ കിലോയ്ക്ക് 40 രൂപ മാത്രമേ ലഭിക്കുകയുള്ളൂവെന്ന് കച്ചവടക്കാർ പറഞ്ഞതായി ടെന്നി പറയുന്നു.

രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ പൂക്കൾ പൂർണമായും വിരിയും.

ഭാര്യ ഷൈജിയുടെയും അമ്മ ത്രേസ്യയുടെയും കൂട്ടായ പരിശ്രമത്തിലാണ് മുപ്പത് സെന്റ് ഭൂമി ഇന്ന് നിറങ്ങളാൽ സമ്പന്നമായ പൂപ്പറമ്പായി മാറിയത്. വിലയിടിവിന്റെ ആശങ്കയ്ക്കിടയിലും തങ്ങളുടെ കൃഷിയിടം കണ്ടുപോകുന്നവരുടെ മുഖത്തെ സന്തോഷമാണ് ഈ കുടുംബത്തിനു ലഭിക്കുന്ന വലിയ ആനന്ദം.

പ്രിയദർശിനി പദ്ധതി സ്ത്രീകളുടെ ആത്മാഭിമാനം ഉയർത്തി: മന്ത്രി

തൃശൂർ: സ്ത്രീകളുടെ ആത്മാഭിമാനവും അന്തസും ഉയർത്തിപ്പിക്കുന്നതാണു സർക്കാരിന്റെ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിയെന്നു മന്ത്രി കെ.എ. തുളസി. കോലഴി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രിയദർശിനി ഗ്രാമവണ്ടി സർവീസിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഓണക്കാലത്ത് വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ജനങ്ങൾക്കെത്തിക്കാൻ കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

കോലഴി പഞ്ചായത്ത് പ്രസിഡന്റ് എൻ.എ. സാബു, മുൻ എംഎൽഎ അനിൽ അക്കര, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമിത ഷാജി, ഒ.എം. ഷാജു, കെഎസ്ആർടിസി തൃശൂർ ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ ടി.എ. ഉബൈദ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി പി.എ. ജെയ്സൺ എന്നിവർ പങ്കെടുത്തു.

കോലഴിയിൽ പ്രിയദർശിനി ഗ്രാമവണ്ടി സർവീസിന്റെ ഉദ്ഘാടനം മന്ത്രി കെ.എ. തുളസി നിർവഹിക്കുന്നു.

കെഎച്ച്ആർഎ വനിതാവിംഗ് ഓണാഘോഷം

തൃശൂർ: കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ (കെഎച്ച്ആർഎ) തൃശൂർ ജില്ല വനിതാവിംഗിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടത്തി. പ്രസിഡന്റ് റഹ്മത്ത് ബാബു, സെക്രട്ടറി ശരണ്യ ജയ വിനോജ്, ഭാരവാഹികളായ വി.ആർ. റോഷ്നി, ശശികല നാരായണൻ, രതി ബാബു ദാസ്, പ്രസന്ന രവീന്ദ്രൻ, ജി.ആർ. രുഗ്മിണി എന്നിവർ നേതൃത്വം നൽകി.

കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ തൃശൂർ ജില്ല വനിതാവിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷത്തിൽനിന്ന്.

ഇന്നത്തെ പരിപാടി

തൃശൂർ: വടക്കുന്നാഥ ക്ഷേത്രത്തിൽ നങ്ങ്യാർകൂത്ത് വൈകിട്ട് അഞ്ചുമുതൽ.

തൃശൂർ: സംഗീതനാടക അക്കാദമി നാട്യഗൃഹത്തിൽ രംഗചേതന രംഗോത്സവം വൈകിട്ട് 6.30 മുതൽ.

पंजाब नैशनल बैंक punjab national bank ...the name you can BANK upon!

എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്,
എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേലവിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇ-ലേല തീയതിയും സമയവും: 24.09.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	PNB, ARMB, എറണാകുളം ശ്രീ. ദീപക് കൃഷ്ണൻ, ശ്രീമതി പ്രസന്ന ഗോപാലകൃഷ്ണൻ & ശ്രീമതി സബിത നായർ, എല്ലാവരും താമസം: കാർത്തിക അവന്യൂ 7, ബാങ്ക് റോഡ്, കലൂർ, കൊച്ചി, കേരളം - 682017	തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, ഇരിങ്ങപ്രം വില്ലേജിൽ, ശ്രീ.ദീപക് കൃഷ്ണന്റെ പേരിലുള്ള റീ സർവേ നം. 167/3P ൽ പെട്ട 5.32 ആർസ് സ്ഥലത്തിലെ 1/52 വിഭജിക്കാത്ത അവകാശവും അതിലിരിപ്പ് ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന ചേലൂർ കൃഷ്ണ ഗാർഡൻ അപ്പാർട്ട്മെന്റിൽ മാധവം എന്ന പേരായ കെട്ടിടത്തിലെ 4-ാം നിലയിലുള്ള അപ്പാർട്ട്മെന്റും (നം.4D) (ഡോർ നം. XIX/222-136) സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** ബാക്കി വസ്തു; **വടക്ക്:** ബാക്കി വസ്തു; **പടിഞ്ഞാറ്:** ബാക്കി വസ്തു; **തെക്ക്:** അകത്തേക്കുള്ള റോഡ്.	(എ) 13(2) - 05.03.2022 (ബി) 31.08.2026ലെ രൂപ 40,12,227.48 (നാൽപത് ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ് രൂപ നാൽപത്തി എട്ട് പൈസ)യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശമെടുത്ത തീയതി: 30-07-2022 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 20.75 ലക്ഷം (ബി) രൂപ 2.075 ലക്ഷം (സി) രൂപ 10,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല

ഇ-ലേല തീയതിയും സമയവും: 24.09.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 23.09.2026, വൈകിട്ട് 4 മണിക്ക് മുമ്പ് | വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 22.09.2026

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (2). വസ്തുക്കൾ "എവിടെയാണോ" "എങ്ങിനെയാണോ" "എതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. (3). അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. (4). അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. (5). കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. (6). ലേല വിൽപന https://Baanknet.com എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം 24.09.2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെയായിരിക്കും. (7). ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി https://Baanknet.com & www.pnb.bank.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 03-09-2026, സ്ഥലം: എറണാകുളം | (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം

E2609-601908